# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *255      20-03-2015 -ൽ മറുപടിക്ക്

## വരൾച്ചാക്കെടുതി നേരിടുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ.ബാലൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കെ.കെ.നാരായണൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | വരൾച്ചാ സാദ്ധ്യത സംബന്ധിച്ച് ദുരന്ത നിവാരണ കേന്ദ്രത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; മുന്നറിയിപ്പുകൾ എന്തെല്ലാമായിരുന്നു; ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രത്തിൽ നിന്നും വരൾച്ചാ സാധ്യത സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ കടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ജില്ലാ ഭരണകൂടങ്ങൾക്ക് ഇതിനാവശ്യമായ ഫണ്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്നതിനുള്ള കണ്ടിജൻസി പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുവാൻ വകുപ്പ് അദ്ധ്യക്ഷൻ മാരുടേയും മേലധികാരികളുടേയും യോഗം 2015 ഫെബ്രുവരി 12-ാം തീയതി വിളിച്ചു ചേർത്തു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 13/02/2015-ൽ 69675/K3/2014/DMD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2245-01-101-98-വരൾച്ചാ കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ നിന്നും കുടിവെള്ളത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | തുക (രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 7,21,00,000 |
| 2 | കൊല്ലം | 2,00,00,000 |
| 3 | പത്തനംതിട്ട | 2,14,10,000 |
| 4 | ആലപ്പുഴ | 6,00,00,000 |
| 5 | കോട്ടയം | 3,00,00,000 |
| 6 | ഇടുക്കി | 4,00,00,000 |
| 7 | എറണാകുളം | 6,15,00,000 |
| 8 | തൃശ്ശൂർ | 2,00,00,000 |
| 9 | പാലക്കാട് | 6,26,00,000 |
| 10 | മലപ്പുറം | 7,00,00,000 |
| 11 | കോഴിക്കോട് | 4,75,00,000 |

| | | | |
|---|---|---|---|
| | | | <table><tr><td>12</td><td>വയനാട്</td><td>2,00,00,000</td></tr><tr><td>13</td><td>കണ്ണൂർ</td><td>4,50,00,000</td></tr><tr><td>14</td><td>കാസർഗോഡ്</td><td>2,56,00,000</td></tr><tr><td></td><td>**ആകെ**</td><td>**59,57,10,000**</td></tr></table> |
| (സി) | വരൾച്ചാക്കെടുതികൾ നേരിടുന്നതിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഏതെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; | (സി) | വരൾച്ചാക്കെടുതി നേരിടുന്നതിന് 2015-ൽ കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. ഇത്തരത്തിലുള്ള ഒരു പദ്ധതിയും തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. |
| (ഡി) | മുൻ വർഷം വരൾച്ചാക്കെടുതികൾ നേരിടുന്നതിന് കേന്ദ്രത്തിൽ നിന്നും എന്തു തുകയുള്ള സഹായമാണ് അഭ്യർത്ഥിച്ചിരുന്നത്; ലഭിച്ച തുകയെത്ര; ലഭിച്ച തുക കെടുതികൾക്കിരയായവർക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | മുൻവർഷം (2014) വരൾച്ച കേരളത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ആയതിനാൽ കേന്ദ്രത്തിനോട് ധനസഹായം അഭ്യർത്ഥിച്ചിട്ടില്ല; കേന്ദ്രത്തിൽ നിന്നും പ്രത്യേക ധനസഹായം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ